جامعة دار الهدى الإسلامية
DARUL HUDA ISLAMIC UNIVERSITY

# ദാറുൽഹുദാ സെക്കൻ്ററി ആൻ്റ് സീനിയർ സെക്കൻ്ററി എജ്യുക്കേഷൻ ബോർഡ് മീറ്റിംഗ് റിപ്പോർട്ട്

ദാറുൽഹുദാ സെക്കൻ്ററി ആൻ്റ് സീനിയർ സെക്കൻ്ററി എജ്യുക്കേഷൻ ബോർഡ് മീറ്റിംഗ് 26/08/2024 തിങ്കളാഴ്ച ഉച്ചക്ക് 2:30 മുതൽ 04:30 വരെ ദാറുൽഹുദാ മീറ്റിംഗ് ഹാളിൽ ചേർന്നു.

രജിസ്ട്രാർ ഡോ. റഫീഖ് ഹുദവി സ്വാഗതം പറഞ്ഞു. പന്ത്രണ്ട് കരിക്കുലം കമ്മിറ്റികളുടെ യോഗം നടന്നെന്നും മറ്റുള്ളവ കമ്മിറ്റി പുനസംഘടനക്ക് ശേഷം ഉടൻ ചേരുമെന്നും അദ്ദേഹം അറിയിച്ചു. നാല്പതാം വാർഷികത്തോടനുബന്ധിച്ചു നമ്മുടെ സെക്കൻ്ററി പാഠ്യപദ്ധതി പുനക്രമീകരിക്കുന്നതാണ് നമ്മുടെ മുഖ്യ അജണ്ട എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബോർഡ് ഡയറക്ടർ ഡോ.അബ്ദുറഹ്മാൻ അരീക്കാടൻ അധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികളുടെ അക്കാദമിക വളർച്ച മുൻനിർത്തി സുപ്രധാന തീരുമാനമെടുക്കുന്ന സമിതി എന്ന നിലയിൽ നിരന്തരം യോഗം ചേരുകയും കൂട്ടായ പരിശ്രമത്തിലൂടെ വിദ്യാർത്ഥികൾക്കായി നാം തയ്യാറാക്കുന്ന സിലബസ് കുറ്റമറ്റതാക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ദാറുൽഹുദാ ജനറൽ സെക്രട്ടറി ശാഫി ഹാജി വിഷയാവതരണം നടത്തി. വിദ്യാർത്ഥികളുടെ കഴിവും പുരോഗതിയും ലക്ഷ്യമിട്ട് കാലാനുസൃതമായ പരിഷ്കരണങ്ങൾ സിലബസിൽ വരുത്തണമെന്നും നമ്മുടെ സംവിധാനം മറ്റുള്ളവരിൽ നിന്ന് എന്തുകൊണ്ട് വ്യത്യസ്തമാകുന്നുവെന്നും അദ്ദേഹം വിശദീകരിച്ചു.

പങ്കെടുത്തവർ

1. ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി
2. യു. മുഹമ്മദ് ഷാഫി ഹാജി
3. ഡോ. റഫീഖ് ഹുദവി കരിമ്പനക്കൽ
4. പി.കെ അബ്ദുന്നാസ്വിർ ഹുദവി കൈപ്പുറം
5. ഡോ. അബ്ദുർറഹ്മാൻ അരീക്കാടൻ
6. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
7. പി കെ ഇബ്രാഹീം കുട്ടി മാസ്റ്റർ വേങ്ങര
8. അബ്ദുറഹീം മാസ്റ്റർ ചുഴലി
9. അബ്ദുൽജലീൽ ഹുദവി ബാലയിൽ
10. ഹാരിസ് ഹുദവി മടപ്പള്ളി
11. അബ്ദുല്ല ഹുദവി വേങ്ങര
12. സൈനുൽ ആബിദ് ഹുദവി ചേലേമ്പ്ര
13. ഉനൈസ് ഹുദവി ചെമ്മാട്
14. അലിഹസൻ ഹുദവി കോട്ടക്കൽ

15. മുഹമ്മദ് അലി റബീഹ് ഹുദവി കണ്ണാട്ടിപ്പടി

**അജണ്ട**

1. **മുൻ യോഗ റിപ്പോർട്ട് അവലോകനം**

രജിസ്ട്രാർ ഡോ.റഫീഖ് ഹുദവി കരിമ്പനക്കൽ മുൻ യോഗ റിപ്പോർട്ട് അവലോകനം ചെയ്തു. കഴിഞ്ഞ മീറ്റിംഗിലെ ഏറെക്കുറെ എല്ലാ തീരുമാനങ്ങളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. മറ്റുള്ളവ ഭാഗികമായി നടന്നു കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം അറിയിച്ചു. സിലബസിൽ പരിഷ്കരണങ്ങൾ വന്നിട്ടുണ്ടെന്നും നൂതനമായ പഠനപ്രക്രിയയിലൂടെ വിദ്യാർത്ഥികളെ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം കൂട്ടിച്ചേർത്തു. NIOSന് പകരം SSLC സിലബസിൽ ഉൾപെടുത്തിയെന്നും ഓരോ സ്ഥാപനത്തിനും തങ്ങളുടെ പരിശ്രമങ്ങൾക്കും പ്രവർത്തനങ്ങൾക്കുമനുസരിച്ചുള്ള ഫലം കൈവരിക്കാനായിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

കഴിഞ്ഞ വർഷം തുടങ്ങി വെച്ച സിവിൽ സർവീസ് പദ്ധതി ഈ വർഷം ലാഡർ ഫൗണ്ടേഷനുമായി സഹകരിച്ച് ഹൈബ്രിഡ് മോഡിൽ ക്ലാസ് നൽകാൻ ധാരണയായെന്നും അദ്ദേഹം അറിയിച്ചു.

ഭാഷാപരമായ പുരോഗതിക്കായി രണ്ടാം ക്ലാസ്സിൽ അറബിക് ഫോർ ഓൾ ടെക്സ്റ്റ്ബുക്ക് നടപ്പിലാക്കി. ഇതേ രീതിയിൽ ഇംഗ്ലീഷ്, ഉർദു ഭാഷകളുടെ പഠനത്തിൽ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു

അറബി, ഇംഗ്ലീഷ് ഭാഷകൾക്ക് പുറമെ ഉർദു ഭാഷയിലേക്ക് കൂടെ ഡിബേറ്റ് പ്രോഗ്രാമുകൾ നടപ്പിൽ വരുത്താൻ സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു

***പുസ്തക നിർമാണം***

മുൻ യോഗ റിപ്പോർട്ട് അവലോകനത്തിനിടെ പുതിയ പുസ്തക നിർമാണവുമായി ബന്ധപ്പെട്ടുള്ള ആശങ്കകൾ രജിസ്ട്രാർ പങ്കുവെച്ചു.

അതുമായി ബന്ധപെട്ടു വന്ന അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

- മതിയായ ട്രെയിനിങ് ഇല്ലാത്തത് മൂലം പുസ്തക നിർമാണം അതിന്റെ ഭാഷയിലും ഉള്ളടക്കത്തിലും വിദ്യാർത്ഥികളുടെ നിലവാരത്തോട് യോജിക്കുന്നതിലും ബുദ്ധിമുട്ടുള്ളതായി കാണപ്പെടുന്നു. നിലവിലെ താരീഖ് സീരീസിന്റെ ഭാഷ അത്തരത്തിൽ ഒന്നാണ്.
- സമയബന്ധിതമായി പുസ്തകത്തിൽ പരിഷ്കരണം വരുത്തേണ്ടതുണ്ട്
- ചെറിയ കുട്ടികൾക്ക് മാത്രമാണ് പുതിയ പുസ്തകങ്ങൾ ബുദ്ധിമുട്ടായി തോന്നുന്നത്
- നിലവിൽ നമ്മുടെ പുസ്തകങ്ങൾ ആകർഷണീയമല്ലാത്തതും പ്രശ്നമാണ്
- തുടക്കത്തിൽ വർക്ഷോപ്പ് സംഘടിപ്പിച്ച് കരിക്കുലം ഫ്രെയിം വർക് തയ്യാർ ചെയ്യുന്നത് നന്നാകും. കരിക്കുലം ഫ്രെയിം വർക്, സിലബസ് ഗ്രിഡ്, കവർ ചെയ്യേണ്ട ഏരിയ, ഒബ്ജക്റ്റീവുകൾ എന്നിവ തുടക്കത്തിൽ തന്നെ സെറ്റ് ചെയ്യുന്നത് നന്നാകും.
- താരീഖ് പോലോത്തവയിൽ ക്യാരക്റ്റർ ഇല്ലുസ്ട്രേഷൻ സാധ്യമല്ല. പകരം ഇൻഫോഗ്രാഫിക്സ് ആലോചിക്കാവുന്നതാണ്

- മാപ്, പോസ്റ്റർ, ചാർട്ട് മുതലായവ ഉൾപെടുത്തുക
- സെക്കന്ററി നാലാം ക്ലാസ് വരെ ഇത്തരം രീതി തുടർന്നാൽ മതി.
- NCPUL ന് അത്തരം രീതിയിൽ പുസ്തകങ്ങളുണ്ടോയെന്ന് അന്വേഷിക്കുക.

***സിവിൽ സർവീസ്***

മുൻ യോഗ റിപ്പോർട്ട് അവലോകനത്തിനിടെ നിലവിലെ സിവിൽ സർവീസ് കോച്ചിങ്ങിന്റെ സ്ഥിഗതികൾ  രജിസ്ട്രാർ വിലയിരുത്തി.

അതുമായി ബന്ധപെട്ടു വന്ന അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

- സ്ഥാപനങ്ങൾക്കിടയിൽ ഒരു പ്രിലിമിനറി ടെസ്റ്റ് നടത്തിയതിന് ശേഷം മാർക്ക് ശതമാനം അനുസരിച്ച് വിദ്യാർത്ഥികളെ ഷോർട്ട്ലിസ്റ്റ് ചെയ്യുക
- നിലവിലെ സെലക്ഷൻ  ഒഴിവാക്കി റീരെജിസ്ട്രേഷൻ ചെയ്യിപ്പിക്കുക
- ഫാൽക്കൺ മാനേജിങ് ഡയറക്ടർ അബ്ദുൽ സുബ്ഹാനുമായി ബന്ധപ്പെടുന്നത് ഉപകാരപ്പെടും
- നിലവിലെ സാഹചര്യത്തിൽ IAS & IPS ഏരിയകളിൽ നാം ഫോക്കസ് ചെയ്യേണ്ടതുണ്ട്
- ഒരു ബാച്ചിനെ ഇതിനായി പ്രത്യേകം സജ്ജമാക്കുന്നത് നന്നാകും, അവർക്ക് അതിനുതകുന്ന രീതിയിലുള്ള ആക്ടിവിറ്റികളും ക്രമീകരിക്കാം. അവർക്ക് KAS, പോലീസ് പോലുള്ള മറ്റു ഗവണ്മെന്റ്  തസ്തികകളിലേക്കുള്ള പരിശീലനങ്ങളും നൽകാം.

**2. കരിക്കുലം കമ്മിറ്റി നിർദേശങ്ങൾ അന്തിമമാക്കുക.**

29/07/24 മുതൽ 14/08/24 കാലയളവിൽ നടന്ന വിവിധ കരിക്കുലം കമ്മിറ്റി യോഗങ്ങളിലെ നിർദേശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

*നിർദേശങ്ങളും അനുബന്ധ ചർച്ചകളും താഴെ ചേർക്കുന്നു.*

**ഖുർആൻ**

ആഴ്ചയിൽ 2/3 ദിവസമെങ്കിലും 10 മിനിറ്റ് വീതം ക്ലാസ് ടീച്ചറുടെ കീഴിൽ പ്രിൻസിപ്പാളുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾക്ക് ഹിഫ്ളിന്റെ ഭാഗം കേൾക്കാനുള്ള അവസരമൊരുക്കുക.

**ഹദീസ്**

സെക്കന്ററി 3 മുതൽ 5 വരെയുള്ള ക്ലാസുകളിലേക്ക്  ഉസൂലുൽ ഹദീസിനായി കിതാബ് തയ്യാറാക്കുക. റാവികളെക്കുറിച്ചും ഇസ്തിലാഹത്തുകളെക്കുറിച്ചുള്ള വിശദീകരണങ്ങളും മറ്റും ഉൾപ്പെടുത്തുക.

**ഫിഖ്ഹ്**

ഫത്ഹുൽ മുഈൻ PPT എഡിറ്റിംഗ് പൂർത്തീകരിച്ച് വെബ്സൈറ്റിൽ അപ്ലോഡ്  ചെയ്യുക. എഡിറ്റിംഗിന് നവാസ് ഹുദവിയെ ചുമതലപ്പെടുത്തി.

മത്നു സഫീനത്തിന്നജാത്തിന്റെ  അഭ്യാസങ്ങൾ പുസ്തകരൂപത്തിൽ അപ്ഡേറ്റ് ചെയ്യുക

**ഇസ്‌ലാമിക് ഹിസ്റ്ററി**

സെക്കന്ററി ആദ്യവർഷത്തേക്ക് തയ്യാറാക്കിയ താരീഖ് ടെക്സ്റ്റ്ബുക്കിന്റെ ഭാഷ ലളിതമാക്കുക.

സെക്കന്ററി രണ്ടാം വർഷത്തേക്കുള്ള പുതിയ താരീഖ് ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുക

രണ്ടാം ക്ലാസിലേക്കുള്ള പുതിയ താരീഖ് നിർമിക്കുക

**ട്രാൻസ്‌ലേഷൻ ആന്റ് കോമ്പോസിഷൻ**

സീനിയർ സെക്കന്ററി രണ്ടാം വർഷത്തെ രണ്ടാം സെമസ്റ്റർ സിലബസ് General Exercise ഉൾപ്പെടുത്തി പരിഷ്കരിക്കുക.

പുസ്തക നിർമാണത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ പുസ്തകത്തിന്റെ തുടക്കത്തിൽ ഉൾപെടുത്തുക. അവർക്കുള്ള സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുക

**ഇംഗ്ലീഷ്**

സെക്കന്ററി ഒന്നാം വർഷത്തെ English as a Second Language ആകർഷണീയമായ നിലയിൽ പബ്ലിഷ് ചെയ്യുക

**ഉർദു**

സെക്കന്ററി അഞ്ചാം വർഷത്തെ ഗുൽസാറെ ഉർദുവിൽ ഫാരിസിയുടെ ആമുഖം ഉൾപെടുത്തുക. സീനിയർ സെക്കന്ററി ക്ലാസ്സുകളിൽ മറ്റു ഭാഗങ്ങൾ ചേർക്കുക

**ഇൻഫർമേഷൻ ടെക്നോളജി**

സിപെറ്റിനു കീഴിൽ അഡ്വാൻസ്ഡ് ലെവെലിലുള്ള ഐ ടി കോഴ്സുകൾ ആവിഷ്കരിക്കുക

ദാറുൽഹുദായുടെ സംഭാവന എന്ന നിലക്ക് ടെക്നോളജിയിലെ ഇസ്‌ലാമികവത്കരണത്തെ കുറിച്ചു ആലോചിക്കുക

ദാറുൽ ഹുദായിലെ ഐ ടി വിങ്ങിന് കീഴിൽ ഹുദവി ടെക്കികളുടെ ഒരു മീറ്റപ് സംഘടിപ്പിക്കുക. അവരുടെ കൂട്ടായ്മകൾ രൂപീകരിക്കുക

സാധ്യമാകുന്ന ക്ലാസ്സുകളിൽ ഐ ടി ക്ക് രണ്ട് പീരീഡ് ആക്കി വർധിപ്പിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. റോബോട്ടിക്സ്, വീഡിയോ ക്രിയേറ്റിങ്, ഗ്രാഫിക് ഡിസൈനിങ്, വെബ് ഡെവലപ്മെൻറ്, ഡാറ്റ അനാലിസിസ് എന്നിവയിലെ അഡ്വാൻസ്ഡ് കോഴ്സുകൾ ആലോചിക്കുക.

ഡിഗ്രിയിലേക്ക് ഐ ടി വ്യാപിപ്പിക്കുന്നതോ ഐ ടി ഡിപ്പാർട്മെന്റ് തുടങ്ങുന്നതോ ആലോചിക്കുക

അഫിലിയേറ്റഡ് കോളേജുകളിൽ എ ഐ ആന്റ് റോബോട്ടിക്സ് ലാബ് സജ്ജീകരിക്കുക

**മാത്തമാറ്റിക്സ്**

സെക്കന്ററി ആദ്യ വർഷത്തെ പുസ്തകം അപ്ഡേറ്റ് ചെയ്യുക. ഇത് ചർച്ച ചെയ്യാനായി ജനുവരി മാസം സിറ്റിങ് സംഘടിപ്പിക്കുക

**മലയാളം**

സെക്കന്ററി ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിലെ അധിക വായന പുസ്തകങ്ങൾ പുനർനിർണ്ണയിക്കുക

**പൊതു ചർച്ചകൾ**

- നിലവിലുള്ള ലേണിങ് ഔട്കം തയ്യാറാക്കാനുള്ള പ്രക്രിയ പൂർത്തീകരിക്കുക
- ചോദ്യപേപ്പർ ഫ്രെയിം വർക്ക് തയ്യാറാക്കുക
- ചോദ്യപേപ്പർ നിർമ്മാണം കുറ്റമറ്റതാക്കാൻ പദ്ധതികൾ ആവിഷ്കരിക്കുക
- അക്കാദമിക വർഷത്തിന്റെ ആദ്യത്തിൽ പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിൽ സിലബസ് ചർച്ചകൾ നടത്തുക
- സിലബസ് അധ്യാപകർ വായിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്താൻ സിലബസ് ക്വിസ് നടത്തുക
- അധ്യാപകരും പ്രിൻസിപ്പാളും പരസ്പരം ഒരാഴ്ചയിലെങ്കിലും കണ്ടുമുട്ടുന്ന പദ്ധതി ആവിഷ്കരിക്കുക

**കരിക്കുലം കമ്മിറ്റി നിർദേശങ്ങളുമായി ബന്ധപ്പെട്ട് യോഗാംഗങ്ങൾ പങ്കുവെച്ച അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.**

- മിശ്കാത്തിന്റെ മുഖദ്ധിമക്ക് ഫൂട്ട്നോട്ട് നൽകുന്നത് ആലോചിക്കുക.
- MI ടെസ്റ്റിന്റെ തുടർപ്രവർത്തനങ്ങൾ നടത്തുക
- ഇറാനിലെ കൾച്ചറൽ എംബസിയുമായി ബന്ധപ്പെട്ടാൽ ഫാരിസി മെറ്റീരിയൽസ് ലഭ്യമാക്കാനാകും.
- ഡിജിറ്റൽ ദഅവ എന്ന പേപ്പർ പി ജി യിൽ ഉൾപെടുത്തുക . ഐടി ഡിപ്പാർട്മെന്റ് തുടങ്ങുന്നതിനെക്കുറിച്ച് പിന്നീട് ആലോചിക്കാം.
- ചോദ്യപേപ്പറുകൾ വിദ്യാർത്ഥികളുടെ understanding അളക്കുന്ന രീതിയിൽ രീതിയിലാക്കുക
- ചോദ്യപേപ്പറുകൾക്ക് ബ്ലൂ പ്രിന്റ് നിർമിക്കുക. അതിൽ വെയ്റ്റേജ്, ഏരിയ, യൂണിറ്റ്, കണ്ടെന്റ് എന്നിവ ഫിക്സ് ചെയ്യുക.
- പിരിയോഡിക് ലേണിംങ് ഡിസ്കഷനുകൾ സംഘടിപ്പിക്കുക .
- നിശ്ചിത ഇടവേളകളിൽ അധ്യാപകർക്ക് ട്രെയ്നിങ് നൽകുക
- PLC കൾ ശക്തിപ്പെടുത്തുക
- ടീച്ചർ ട്രെയ്നിങ്ങിനായി മൊഡ്യൂളുകൾ തയ്യാറാക്കുക. കൃത്യമായ മോണിറ്ററിങ് നടത്തുക.
- പുതിയ അധ്യാപകർക്ക് വേണ്ടിയുള്ള ഇൻഡക്ഷൻ പ്രോഗ്രാമിന്റെ മൊഡ്യൂളുകൾ തയ്യാറാക്കുക
- ടീച്ചർ ഹാൻഡ്ബുക് തയ്യാറാക്കുക
- നിശ്ചിത ഇടവേളകളിൽ റിഫ്രഷ് ചെയ്യുന്നതിന് വേണ്ടി ട്രെയ്നിങ്ങുകൾ നൽകുക
- സിലബസ്, ഇൻഡക്ഷൻ, ഇൻ-സർവിസ് എന്ന രീതിയിൽ ട്രെയ്നിങ്ങുകൾ രൂപപ്പെടുത്തുക

- പോളിസി ഡോക്യുമെന്റ് തയ്യാറാകുക അതിൽ ട്രെയിനിങ്ങുകളെക്കുറിച്ച് നൽകുക. സ്ഥാപനം നടത്തേണ്ടവ, ഓഫീസുമായി സഹകരിച്ച് നടത്തേണ്ടവ, ഓഫീസ് നേരിട്ട് നടത്തുന്നവ എന്നിങ്ങനെ തരം തിരിക്കുക. കൃത്യമായ ഇൻസ്പെക്ഷൻ നടത്തുക

3. **സെക്കണ്ടറി പുന:ക്രമീകരണം**

സെക്കന്ററി, സീനിയർ സെക്കന്ററി ക്ലാസുകളിലെ സിലബസും അധ്യാപന പഠന രീതികളും കാലാനുസൃതമായി പുന:ക്രമീകരിക്കുന്നതിനെ കുറിച്ച് യോഗം ചർച്ച ചെയ്തു.

എല്ലാ വിഷയങ്ങൾക്കും ആക്ടിവിറ്റി അടിസ്ഥാനപ്പെടുത്തിയുള്ള പാഠപുസ്തകങ്ങൾ, ഭാഷാ പഠനത്തിന് കൂടുതൽ ഊന്നൽ നൽകിയുള്ള സിലബസ് ഫ്രെയിം, ഏറ്റവും നൂതനമായ പഠനാന്തരീക്ഷം, അധ്യാപന രീതികൾ, പുതിയ സമയക്രമം തുടങ്ങി മുഴുവൻ മേഖലകളിലെയും സമഗ്രമായ മാറ്റമാണ് ഈ കാലയളവിൽ കൊണ്ട് വരേണ്ടതെന്ന് യോഗം അഭിപ്രായപ്പെട്ടു.

ദാറുൽഹുദാ സംവിധാനത്തിൽ കൂടുതൽ സേവനം ചെയ്തവരെയും ഹുദവികളും അല്ലാത്തവരുമായ വിദ്യാഭ്യാസ വിചക്ഷണരെയും വിളിച്ചു വരുത്തി കൂടുതൽ ചർച്ച ചെയ്തു ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ യോഗം നിർദേശിച്ചു.

*അതുമായി ബന്ധപെട്ടു വന്ന അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.*

- നിലവിൽ വിദ്യാർത്ഥികളെ നമ്മുടെ സിസ്റ്റത്തിലേക്ക് വിളക്കിച്ചേർക്കുന്ന രീതിയാണ് ഉള്ളത്. ബ്രിഡ്ജ് കോഴ്സുകൾ നൽകാറില്ല.
- ഉന്നത പഠനത്തിനായി പോയ പലരും എഫക്റ്റീവ് കമ്മ്യൂണിക്കേഷൻ പ്രോബ്ലം ഉണ്ടെന്ന പരാതി ഉന്നയിച്ചിരുന്നു.
- ഓരോ സെക്ഷനിലും കൃത്യമായ ഫോക്കസ് ഏരിയ തയ്യാറാക്കുക
- പബ്ലിക് സ്പീക്കിങ് മേഖലയിൽ ലോകത്ത് വ്യാപിച്ച് കിടക്കുന്ന ട്രെയ്നിങ് സംവിധാനമായ ടോസ്റ്റ്മാസ്റ്ററുമായി സഹകരിച്ച് കമ്മ്യൂണിക്കേഷൻ മെച്ചപ്പെടുത്താനുള്ള റോൾ ബേസ്ഡ് പദ്ധതി PKVക്ക് അനുവദിച്ച മൂന്ന് പീരീഡ് ഉപയോഗിച്ച് നടപ്പിലാക്കുന്നത് ആലോചിക്കുക
- The International Baccalaureate പോലോത്ത സിലബസ് ഫ്രെയിം വർക്കുകൾ നമ്മുടെ സംവിധാനത്തിലും ഉൾപെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുക.
- സീനിയർ സെക്കന്ററിയിൽ നിന്ന് തന്നെ സ്പെഷലൈസേഷൻ നൽകുന്നത് ആലോചിക്കുക. സെൽഫ് ഡെവെലപ്മെന്റിനുള്ള അവസരങ്ങൾ നൽകുക
- ഇന്റർനാഷണൽ അക്കാദമിക സിസ്റ്റത്തിലുള്ളവരുമായി സിറ്റിങ് നടത്തുക.

5. പൊതു ചർച്ചകൾ

- 2026 മുതൽ മദ്രസാ പൊതു പരീക്ഷ ആറാം ക്ലാസ്സിലേക്ക് മാറുന്നത് നമ്മുടെ സിസ്റ്റത്തെ എങ്ങനെ ബാധിക്കുമെന്ന് ചർച്ച ചെയ്യുക

വൈസ് ചാൻസലർ ഉസ്താദ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി സമാപന സന്ദേശം നൽകി. സമാന രീതിയിലുള്ള മറ്റു സംവിധാനങ്ങളെ നമ്മൾ വീക്ഷിക്കേണ്ടതുണ്ടെന്നും അതിലെ പോസിറ്റീവ് എലമെന്റുകൾ ഉൾക്കൊള്ളണമെന്നും സമകാലിക

പ്രശനങ്ങളെക്കുറിച്ച്  നാം ബോധവാന്മരായിരിക്കണമെന്നും ഉസ്താദ് ഉണർത്തി.ഏറ്റവും നിർണായകമായ സെക്കന്ററി ഘട്ടത്തിലേക്ക് നൂതനമായ പാഠ്യ പദ്ധതികൾ ആവിഷ്കരിക്കണമെന്നും ഓരോ ബോർഡ് അംഗങ്ങളും ഇതിനായി ആത്മാർത്ഥവും താല്പര്യപൂർവമായ ഇടപെടലുകൾ നടത്തണമെന്നും ബഹു.വൈസ് ചാൻസലർ ആവശ്യപ്പെട്ടു.

***Prepared by:***

**Dr. Rafeeq Hudawi Karimpanackal**
*(Academic Registrar, DHIU)*

***Approved by:***

**Dr. Abdurahman Areekadan**
*(Director, DHIU Secondary & Sr. Secondary Education Board)*